(ബി) ഉണ്ടെങ്കിൽ എന്തു ഭേദഗതിയാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കോംപ്രിഹെൻസീവ് കോക്കനട്ട് ഡെവലപ്പ്മെൻറ് സ്കീം

* 286 [426] ശ്രീ. പി. വിജയദാസ് :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോംപ്രിഹെൻസീവ് കോക്കനട്ട് ഡെവലപ്പ്മെൻറ് സ്കീം എന്നാണ് നടപ്പിലാക്കിയത് ;

(ബി) അതിപ്പോഴും നിലവിലുണ്ടോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) കോംപ്രിഹെൻസീവ് കോക്കനട്ട് ഡെവലപ്പ്മെൻറ് സ്കീം 1980-81 മുതൽ 83-84 വരെയുള്ള വർഷങ്ങളിലാണ് നടപ്പിലാക്കിയത്.

(ബി) ഇല്ല.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അരിയുടെ വിലവർദ്ധനവ്

1231 [2205] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന അരിയുടെ വില ഈയിടെ വർദ്ധിപ്പിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര ശതമാനമാണ് വർദ്ധിപ്പിച്ചത്; ഇപ്പോഴത്തെ വിലയെന്താണ്;

(സി) ഇപ്രകാരം വില വർദ്ധിപ്പിക്കാനുണ്ടായ കാരണമെന്താണ്?

ഉത്തരം

(എ) ഇല്ല

(ബി) ഈയിടെ വർദ്ധിപ്പിച്ചിട്ടില്ല. ഇപ്പോഴത്തെ വില കിലോ ഗ്രാമിന് 3 രൂപ 25 പൈസ.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly